നം.A-2/1633/2014/TBO

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം.
തീയതി 30.04.2015

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- 2015-16 ലെ പാഠപുസ്തകവിതരണം - വിദ്യാർത്ഥികൾക്ക് യഥാസമയം പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ പാഠപുസ്തകം യഥാസമയം ലഭ്യമാക്കുന്നതിന് എല്ലാ ക്രമീകരണങ്ങളും വിദ്യാഭ്യാസവകുപ്പ് ഒരുക്കിയിട്ടുണ്ട്. സ്കൂളുകളിൽ നിന്ന് ഓൺലൈനായി ആവശ്യപ്പെട്ടിരിക്കുന്ന പാഠപുസ്തകങ്ങളാണ് പുസ്തകങ്ങൾ അച്ചടിക്കുന്ന കെബിപിഎസ് തപാൽ വകുപ്പ് മുഖേന ബന്ധപ്പെട്ട സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുന്നത്. സ്കൂളുകൾ സമർപ്പിച്ച ഇൻ്റൻ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യത്യാസങ്ങൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അത് വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട പാഠപുസ്തകങ്ങളിൽ പ്രതിഫലിച്ചേക്കാം. ആയതിനാൽ ഫലപ്രദമായ പാഠപുസ്തകവിതരണത്തിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഓരോ സ്കൂളും ഓൺലൈനായി സമർപ്പിച്ചിരിക്കുന്ന ഇൻ്റൻ്റിൻ്റെ പ്രിൻ്റ് എടുത്ത് പരിശോധിച്ച് ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ (പാഠപുസ്തകങ്ങളുടെ എണ്ണം ഉൾപ്പെടെ) ആവശ്യമെങ്കിൽ ചുവന്ന മഷികൊണ്ട് പ്രസ്തുത പ്രിൻ്റൗട്ടിൽ രേഖപ്പെടുത്തി സ്കൂൾ ഹെഡ്മാസ്റ്ററിൻ്റെ ഒപ്പും സ്കൂൾ സീലും വച്ച് 04.05.2015 ഉച്ചക്ക് 2.00 മണിക്കുമുമ്പ് അതത് ടെക്സ്റ്റ് ബുക്ക് ഡിപ്പോ സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്.
2. ഓൺലൈനിൽ ഇൻ്റൻ്റ് സമർപ്പിക്കുന്നതിന് ഉപയോഗിച്ച യൂസർനെയിമും പാസ്‌വേഡും ഇതിനും ഉപയോഗിക്കാം.
3. സ്കൂളിലെ എല്ലാവിദ്യാർത്ഥികൾക്കും യഥാസമയം പാഠപുസ്തകം ലഭ്യമാക്കേണ്ടതിൻ്റെ പൂർണ്ണ ഉത്തരവാദിത്വം അതത് സ്കൂൾ ഹെഡ്മാസ്റ്റർക്കായിരിക്കും. ഇതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.
4. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവർ അവരവരുടെ അധികാരപരിധിയിൽവരുന്ന സ്കൂളുകളിൽ യഥാസമയം പാഠപുസ്തകം ലഭ്യമാക്കുന്നതിന് എല്ലാ ക്രമീകരണങ്ങളും ഒരുക്കേണ്ടതാണ്.
5. സംസ്ഥാനത്തെ എല്ലാ ടെക്സ്റ്റ് ബുക്ക് ഡിപ്പോ സൂപ്രണ്ട്മാരും അവരവരുടെ ഡിപ്പോക്കുകീഴിൽ വരുന്ന സ്കൂളുകളിൽ നിന്ന് 04.05.2015 ന് സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകുന്ന ടെക്സ്റ്റ് ബുക്ക് ഇൻ്റൻ്റിൻ്റെ പ്രിൻ്റൗട്ട് ശേഖരിച്ച് പരിശോധിച്ച് ഐടി @സ്കൂൾ ജില്ലാകോർഡിനേറ്റർമാർക്ക് നൽകേണ്ടതാണ്.
6. ടെക്സ്റ്റ് ബുക്ക് ഡിപ്പോ സൂപ്രണ്ട്മാർ അവരവരുടെ ഡിപ്പോക്കുകീഴിൽ വരുന്ന എല്ലാ സ്കൂളുകളിലേക്കുമുള്ള പാഠപുസ്തകങ്ങൾ ബന്ധപ്പെട്ട സ്കൂൾസൊസൈറ്റികളിൽ യഥാസമയം ലഭിക്കുന്നുണ്ടന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. സ്കൂൾ സൊസൈറ്റികളിൽ എത്തിച്ചേരുന്ന പാഠപുസ്തകങ്ങളെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട സ്കൂളുകളെ അറിയിക്കുന്നതിനും അവ സ്കൂളുകൾക്ക് വിതരണംചെയ്യുന്നതിനും സൊസൈറ്റിയുടെ ചുമതലവഹിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സൊസൈറ്റികൾ സ്ഥിതിചെയ്യുന്ന സ്കൂൾ ഹെഡ്മാസ്റ്റർ ഇത് പ്രത്യകം പരിശോധിക്കേണ്ടതാണ്.

വിദ്യാർത്ഥികൾക്ക് യഥാസമയം പാഠപുസ്തകം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും പരമാവധി ശ്രമിക്കേണ്ടതാണ്. ഏതെങ്കിലും വിധത്തിലുള്ള ബോധപൂർവമായ വീഴ്ചകണ്ടെത്തിയാൽ കർശന നടപടിസ്വീകരിക്കുന്നതാണ്. പാഠപുസ്തകവിതരണം ഫലപ്രദമാക്കുന്നതിന് എല്ലാവരുടേയും കൂട്ടായ ശ്രമം ആവശ്യമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (എഇഒ,ഡിഇഒ,ജില്ലാകോർഡിനേറ്റർ മുഖേന)
എല്ലാ ടെക്സ്റ്റ് ബുക്ക് ഡിപ്പോ സൂപ്രണ്ട്മാർക്കും

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐടി @ സ്കൂൾ പ്രോജക്ട്
എല്ലാ എഇഒ,ഡിഇഒ,ഡിഡിഇ മാർക്കും
ടെക്സ്റ്റ് ബുക്ക ഓഫീസർ
സ്റ്റോക്ക്ഫയൽ